II. അടിയന്തിര പ്രമേയം

വയനാട് ജില്ലയിലെ വെള്ളമുണ്ട കാരക്കമല കൊല്ലിയിൽ നീതു എന്ന സ്കൂൾ വിദ്യാർത്ഥിനിയെ ബലാൽസംഗം ചെയ്യാൻ ശ്രമിച്ച സംഭവം

മി. സ്പീക്കർ : ഇന്നലെ രാവിലെ വയനാട് ജില്ലയിലെ വെള്ളമുണ്ട കാരക്കമല കൊല്ലിയിൽ നീതു എന്ന സ്കൂൾ വിദ്യാർത്ഥിനിയെ വീട്ടിലേക്ക് വലിച്ചിഴച്ചു കൊണ്ടുപോയി ബലാൽസംഗത്തിന് ശ്രമിക്കുകയും ചെറുത്തുനിന്നപ്പോൾ കെട്ടിയിട്ട് മണ്ണെണ്ണ ഒഴിച്ച് തീകൊളുത്തി കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തതിനെത്തുടർന്ന് ഉളവായിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതി വിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വി. ജയരാജൻ, ബിനോയ് വിശ്വം, പി. സി. ജോർജ്, എ. എ. അസീസ്, എ. സി. ഷൺമുഖദാസ്, കെ. പി. മോഹനൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. 9.30 A.M.]

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, വയനാട് ജില്ലയിലെ വെള്ളമുണ്ട കാരക്കമല കൊല്ലിയിൽ വീട്ടിൽ ജോസിന്റെ മകൾ 13 വയസ്സുള്ള നീതു എന്ന പെൺകുട്ടിയെ 15-2-2006-ന് രാവിലെ 11.00 മണിയോടെ വീട്ടിനുള്ളിൽ തീപൊള്ളലേറ്റ നിലയിൽ കണ്ടെത്തി. ഉടൻതന്നെ ചികിത്സയ്ക്കായി മാനന്തവാടി ആശുപത്രിയിൽ കൊണ്ടുപോകുകയും അവിടെ നിന്നും വിദഗ്ധ ചികിത്സക്കായി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ക്രൈം 2006/45-ാം നമ്പരായി ഐ.പി.സി. 307 പ്രകാരം വധശ്രമത്തിന് പെൺകുട്ടിയുടെ മൊഴി വാങ്ങി വെള്ളമുണ്ട പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. പെൺകുട്ടിയുടെ പരാതിയിൻമേൽ അജ്ഞാതനായ ഒരാൾ വീട്ടിൽ കടന്നു കയറി കുട്ടിയെ പിടിച്ചുതായും കുതറിമാറി ഓടാൻ ശ്രമിച്ച കുട്ടിയെ കൈയും കാലും കെട്ടി വീട്ടിൽ കന്നാസിലിരുന്ന മണ്ണെണ്ണ ദേഹത്ത് ഒഴിച്ച് തീ കൊളുത്തിയശേഷം അയാൾ ഓടിപ്പോയതാണെന്ന് പറയുന്നുണ്ട്. പെൺകുട്ടിയെ ചികിത്സക്കായി മാനന്തവാടി ആശുപത്രിയിൽ പ്രവേശിപ്പിച്ച സമയം നടത്തിയ പരിശോധനയിൽ ഇടുപ്പിനുതാഴെ 40 ശതമാനത്തോളം പൊള്ളൽ ഏറ്റതായും ലൈംഗിക പീഡനത്തിന് വിധേയമായിട്ടില്ലെന്നും ഇപ്പോൾ കുട്ടിയുടെ ആരോഗ്യനില തൃപ്തികരമാണെന്നുമാണ് അറിയുന്നത്. മാനന്തവാടി പോലീസ് സർക്കിൾ ഇൻസ്പെക്ടർ പ്രസ്തുത കേസ്സിൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നുണ്ട്. സംഭവസ്ഥലം ഫോറൻസിക് വിദഗ്ധരെക്കൊണ്ട് പരിശോധിപ്പിച്ചിട്ടുമുണ്ട്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

മി. സ്പീക്കർ : ഇതിന്റെ മാനുഷിക വശംനോക്കി അനുവദിച്ചതാണ്. ഒരു സബ്മിഷന്റെ ആവശ്യമേയുള്ളുയെങ്കിൽ പോലും അനുവദിച്ചതാണ്. അതുകൊണ്ട് വളരെ ചുരുക്കി അവതരിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : ഞാൻ വളരെ ചുരുക്കി അവതരിപ്പിക്കാം. സർ, അങ്ങയുടെ മറുപടി പോലീസിൽ നിന്നു കിട്ടിയ മറുപടിയാണോയെന്നതിൽ സംശയമുണ്ട്. അങ്ങ് അത് പരിശോധിക്കണം. ഇത് ബലാൽസംഗ ശ്രമമാണെന്നാണ് പോലീസ് എന്നോട് പറഞ്ഞത്. അങ്ങ് ഇത് deny ചെയ്യുകയാണ്. കുട്ടിയെപ്പറ്റി ഞാൻ അന്വേഷിച്ചു. ആ കുട്ടി പഠിക്കുന്ന സ്കൂളിലെ ഹെഡ്മിസ്ട്രസ്സിനോടും ക്ലാസ് ടീച്ചറോടും സംസാരിച്ചു. അവിടത്തെ ജനപ്രതിനിധി കൂടിയായ ശ്രീ. ഖാദർ ക്ലാസ് ടീച്ചറുമായി സംസാരിച്ചു. അവർ പറഞ്ഞത് നീതു എന്ന 13 വയസ്സുള്ള ആ കുട്ടി സൽസ്വഭാവിയും പഠിത്തത്തിൽ 'above average' ആയിട്ടുള്ള ഒരു പെൺകുട്ടിയാണ് എന്നാണ്. നാട്ടുകാർക്കും അദ്ധ്യാപകർക്കുമൊക്കെ പ്രിയങ്കരിയായിട്ടുള്ള ഒരു പെൺകുട്ടിയാണ്. എട്ടാം ക്ലാസ് ജി ഡിവിഷനിലാണ് പഠിക്കുന്നത്. ഏതാണ്ട് പത്തര മണി സമയത്താണ് അതിക്രൂരവും പൈശാചികവുമായിട്ടുള്ള ഒരു കൊടും ക്രിമിനലായ ആളാൽ ബലാൽസംഗത്തിനിരയായത്. നീതുവിന്റെ അച്ഛനും അമ്മയും കഴിഞ്ഞ ദിവസം വീട്ടിൽ ഇല്ലായിരുന്നു. കൊല്ലിയിൽ ജോസഫാണ് പിതാവ്. അമ്മ മേരിയാണ്. ഇവർ രണ്ടുപേരും സുൽത്താൻബത്തേരിയിലുള്ള ഒരു ബന്ധു വീട്ടിൽ പോയതായിരുന്നു. നീതുവിന് പുറമെ നീതുവിന്റെ അനുജൻ കൂടിയുണ്ടായിരുന്നു. ആ കുട്ടി എൽ. പി. ക്ലാസിൽ പഠിക്കുകയാണ്. അവർ രണ്ടുപേരും അവിടെയല്ല കിടന്നത്. ജോസഫിന്റെ വീട്ടിൽ നിന്നും 250 കിലോമീറ്റർ അകലെ ജോസഫിന്റെ ജ്യേഷ്ഠന്റെ വീടുണ്ട്. ആ വീട്ടിലായിരുന്നു താമസിച്ചത്. രാവിലെ ഏതാണ്ട് 9.00 മണി ആയപ്പോൾ വീട്ടിൽ വന്നു. ഡ്രസ്സൊക്കെ ഈ വീട്ടിലായിരുന്നു. വീട്ടിൽ വന്ന് അനുജന് കഞ്ഞിയും വച്ചുകൊടുത്ത് ഡ്രസ്സ് ധരിപ്പിച്ച് സ്കൂളിലയച്ചതിനുശേഷം അച്ഛന്റെ ജ്യേഷ്ഠന്റെ വീട്ടിലോട്ട് പോകാൻ വീടു ചാരി ഇറങ്ങുമ്പോഴാണ് കൊടും ക്രിമിനലായ മനുഷ്യൻ-മനുഷ്യത്വം തീരെയില്ലാത്ത ഒരു ക്രിമിനൽ-ബലാൽക്കാരമായി ആ കുട്ടിയെ പിടിച്ചു വലിച്ചു ബലാൽസംഗം ചെയ്യാൻ ശ്രമിച്ചത്. കറുത്ത് തടിച്ച ഒരു മനുഷ്യനാണെന്ന് ആ കുട്ടി പോലീസിനോട് പറഞ്ഞിട്ടുണ്ട്. ആ മനുഷ്യൻ തന്റെ ലൈംഗിക ഇരയ്ക്ക് വിധേയനാക്കാനാണ് ശ്രമിച്ചത്. അതിനെത്തുടർന്ന് ആ കുട്ടിയെ കയർ കൊണ്ട് കെട്ടിയിട്ടു. കുട്ടിയുടെ ചെറുത്തുനിൽപ്പിനിടയിൽ ഇയാളുടെ ഇംഗിതത്തിനനുസരിച്ച് കാര്യങ്ങൾ നടക്കില്ലെന്ന് വന്നപ്പോൾ കുട്ടി ബഹളം വച്ചപ്പോൾ വായ് പൊത്തിപ്പിടിച്ചു. കുട്ടി തനിക്ക് കീഴ്പ്പെടുന്നില്ലെന്ന് മനസ്സിലാക്കിയപ്പോൾ വീട്ടിൽത്തന്നെയുള്ള കന്നാസിൽ നിന്ന് മണ്ണെണ്ണ ഒഴിച്ച് തീകൊളുത്തിയിട്ട് രക്ഷപ്പെടുകയാണുണ്ടായത്. തൊട്ടടുത്ത വെള്ളമുണ്ട പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എ. എൻ. പ്രഭാകരൻ പോയി അന്വേഷിച്ച് എന്നെ അറിയിച്ചതാണ്. ഇത്രയും പൈശാചികവും ക്രൂരവുമായ ഒരു സംഭവത്തെ എത്ര നിസ്സാരമായിട്ടാണ് പോലീസ് കാണുന്നത്. ഇതൊരു രാഷ്ട്രീയ പ്രശ്നമല്ലല്ലോ. പതിമൂന്ന് വയസ്സുള്ള ഒരു കുട്ടിക്കാണ് ഇതുണ്ടായത്. അപ്പോൾ പോലീസ് വകുപ്പ് കൃത്യമായി ആക്ട് ചെയ്യുന്നില്ലായെന്നുള്ള കാര്യംകൂടി അങ്ങ് പരിശോധിക്കണം. ഇത് ഞങ്ങൾ രാഷ്ട്രീയ പ്രശ്നമായി കാണുന്നില്ല. പക്ഷെ ഗവൺമെന്റിന്റെ പോലീസ് നയമാണ് ഇതിലേക്ക് എത്തുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പെൺവാണിഭ കേസ്സുകൾ 52 ആണ്. ഒരു കേസ്സിലും ശിക്ഷിച്ചിട്ടില്ല. ചില കേസ്സുകളിൽ ഇതുവരെ കുറ്റക്കാരെ കണ്ടെത്തിയിട്ടില്ല. ബലാൽസംഗ കേസ്സുകൾ 2000-മാണ്. പട്ടികജാതി-പട്ടികവർഗ്ഗത്തിൽ മാത്രമുള്ള ബലാൽസംഗ കേസ്സുകൾ 189 ആണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അങ്ങ് എന്നോട് പറഞ്ഞ പ്രോമിസ് കീപ്പ് അപ് ചെയ്യണം. ഗൗരവതരമായ ഒരു വിഷയം വളരെ ഹൃസ്വമായി പറയുമെന്നാണ് പറഞ്ഞത്.

ശ്രീ. എം. വി. ജയരാജൻ : ഞാൻ ആ സംഭവത്തിലേക്ക് മാത്രം പോകുന്നു. സ്ത്രീപീഡന കേസ്സുകൾ അയ്യായിരത്തിലേറെയാണ് രജിസ്റ്റർ ചെയ്തത്. എന്റെ ചോദ്യത്തിന് അങ്ങ് മറുപടിയായി തന്നത് 34,404 തെളിയിക്കപ്പെടാത്ത കേസ്സുകളുണ്ടെന്നാണ്. ഇത് അതിലൊരു കേസ്സായി മാറിക്കൂടാ. എന്നാൽ പോലീസ് ഇവിടെ നിന്നും രണ്ടുപേരെ അറസ്റ്റ് ചെയ്തു. ആ രണ്ടുപേരേയും വൈകുന്നേരം വിട്ടയച്ചു. അതിൽ ഒരാളെപ്പറ്റി നാട്ടുകാർക്കും അദ്ധ്യാപകർക്കുമിടയിൽ ചില സംശയങ്ങളുണ്ട്. അപ്പോൾ അങ്ങനെയുള്ള ആളുകളെ അറസ്റ്റ് ചെയ്തിട്ട് വിട്ടയയ്ക്കുന്നത് എന്താണ്? ഈ കുട്ടിയുടെ അച്ഛന്റെ ജ്യേഷ്ഠന്റെ വീട്ടിലേക്ക് പോകുന്ന വഴിമദ്ധ്യേ തോട്ടങ്ങളും മറ്റുമാണുള്ളത്. ബഹളം വച്ചാൽ പോലും ആളുകൾ കേൾക്കത്തില്ല. ഈ കുട്ടിയുടെ ദേഹമാസകലം പൊള്ളലേറ്റിരിക്കുകയാണ്. അരയ്ക്ക് താഴോട്ട് പൂർണ്ണമായും പൊള്ളലേറ്റിരിക്കുകയാണ്. മുടിയാണെങ്കിൽ കത്തിനശിച്ചിട്ടുണ്ട്. ഈ കുട്ടിയെ മെഡിക്കൽ കോളേജിൽ പോയി കണ്ടവർ പറയുന്നത് വല്ലാത്ത അന്തരീക്ഷമാണ് അവിടെയുള്ളത് എന്നാണ്. കുട്ടി ബലാത്സംഗ ശ്രമത്തിനിടയിൽ ചെറുത്ത് തന്നെ കീഴ്പ്പെടുത്താൻ നോക്കിയ ബലിഷ്ഠനായ ഒരു ക്രിമിനലിൽനിന്ന് കുതറിമാറി രക്ഷപ്പെട്ടത് കേരളത്തിലെ സ്ത്രീത്വത്തിനുമുന്നിൽ ഒരു പ്രശ്നമായി നിൽക്കുകയാണ്. പെണ്ണായി പിറന്നുപോയി എന്ന കാരണത്താൽ ഇങ്ങനെ അപമാനിക്കപ്പെടുന്നത് സാക്ഷര കേരളത്തിന് അപമാനമാണ്. അത്രയ്ക്ക് ഗൗരവമായിട്ടാണ് ഈ വിഷയത്തെ കാണേണ്ടത്. ഇതു സംബന്ധിച്ച് ഫലപ്രദമായ നടപടികൾ ഉണ്ടാകണം. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചുമതലയുള്ള ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് പോലീസിനെ നവീകരിക്കുകയാണ്, ആധുനിക സജ്ജീകരണങ്ങൾ പോലീസിന് നൽകുകയാണ്, കുറ്റാന്വേഷണത്തിന് നവീന രീതിയിൽ ചില പദ്ധതികൾ ആസൂത്രണം ചെയ്തുകൊടുക്കുകയാണ് എന്നൊക്കെയാണ്. എന്നിട്ടുപോലും ഇതുപോലുള്ള ക്രിമിനൽ സംഭവങ്ങൾ ഉണ്ടാകുമ്പോൾ പോലീസിന് പെട്ടെന്ന് ഒന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിവിശേഷമാണുള്ളത്. അവിടെ ഇപ്പോൾ ഒരു സാധാരണ കർഷക കുടുംബത്തിലെ രണ്ട് മക്കൾ, അതിൽ മൂത്ത പെൺകുട്ടി ക്രൂരമായ ആക്രമണത്തിന് വിധേയമായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിയുന്നു. ആ കുടുംബത്തെ സഹായിക്കണം. ഈ കുട്ടിയുടെ ചികിത്സയ്ക്ക് ആവശ്യമായ സഹായം ഗവൺമെന്റ് നൽകേണ്ടതുണ്ട്. അതുകൊണ്ട് ഇതുപോലുള്ള കൊടും ക്രിമിനലുകളെ വെറുതേ വിടാൻ പറ്റുകയില്ല. കർശനമായ രീതിയിൽ നിയമത്തിനു മുന്നിൽ കൊണ്ടുവരണം. പഴുത് ഇല്ലാതെ ശിക്ഷിക്കപ്പെടണം. ഇപ്പോൾത്തന്നെ ബലാത്സംഗങ്ങളിലും പെൺവാണിഭ കേസ്സുകളിലും പ്രതികളെല്ലാം രക്ഷപ്പെടുന്ന അവസ്ഥയാണുള്ളത്. ഉന്നത തലങ്ങളിലുള്ള ഗൂഢാലോചനകൾ അടക്കം നടക്കുകയാണ്. അത് ഈ കേസ്സിൽ ഉണ്ടാകരുത് എന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ട് ഇതു സംബന്ധിച്ച് ഗൗരവരമായി അന്വേഷിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരുടെ പേരിൽ നടപടിയും അതുപോലെ കുട്ടിക്ക് ചികിത്സയ്ക്ക് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

സഹായവും ഗവൺമെന്റ് നൽകണം. ഇത് അടിയന്തിര പ്രാധാന്യമുള്ള ഒരു സംഭവമായി മാറിയിരിക്കുകയാണ്. വെള്ളമുണ്ട പഞ്ചായത്തിലും പനമരം പഞ്ചായത്തിലും ഭീതിജനകമായ അന്തരീക്ഷമാണ് നിലവിലുള്ളത്. ഒരു ഷോക്കേറ്റ സ്ഥിതിയാണ് അവിടെയുള്ളത്. ഞങ്ങൾ പ്രതീക്ഷിക്കാത്ത ഒരു സംഭവമാണ് അവിടെ ഉണ്ടായിട്ടുള്ളതെന്ന് ക്ലാസ്സ് ടീച്ചർ ഉൾപ്പെടെയുള്ള അധ്യാപകർ പറയുന്നു. വളരെ സംഭ്രമജനകവും ഉത്കണ്ഠാജനകവുമായ സ്ഥിതിയാണ് അവിടെ ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഈ അടിയന്തിര പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച പ്രമേയത്തിന്റെ പ്രാധാന്യവും ഗൗരവവും പൂർണ്ണമായും ഗവൺമെന്റ് ഉൾക്കൊള്ളുന്നുണ്ട്. ഒരു കാര്യം ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ടതുണ്ട്. മനുഷ്യരിൽ മൃഗങ്ങളുണ്ട്. അത് നമ്മുടെ സമൂഹത്തിൽ കാണുന്ന ദൗർഭാഗ്യകരമായ സ്ഥിതിയാണ്. ഈ മൃഗങ്ങൾ ഉണ്ടായത് നാല് കൊല്ലങ്ങൾ കൊണ്ടല്ല, അതിനുമുമ്പേയുണ്ട്. അച്ഛൻ മകളെ ബലാത്സംഗം ചെയ്യുന്നു, ഗർഭം ധരിപ്പിക്കുന്നു. തുടങ്ങിയ കാര്യങ്ങൾ പത്രത്തിൽ വായിച്ചില്ലേ? സമൂഹത്തിൽ മൃഗങ്ങൾ ഉണ്ട്. ഇത് ഒറ്റക്കെട്ടായി അമർച്ച ചെയ്യണം. ഈ പ്രത്യേക കേസ്സിൽ പോലീസ് വളരെ താല്പര്യപൂർവം തന്നെ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പെൺകുട്ടി പറഞ്ഞ ഡിസ്ക്രിപ്ഷനിലുള്ള ആളുകളെ, കറുത്ത പൊക്കം കുറഞ്ഞ ആളാണെന്ന് കുട്ടി പറഞ്ഞു. ഇന്നലെത്തന്നെ കറുത്ത പൊക്കം കുറഞ്ഞ സാമൂഹ്യ വിരുദ്ധരായ ആളുകളുടെ ലിസ്റ്റ് പ്രകാരമുള്ള ആളുകളെ കൊണ്ടുവന്ന് പെൺകുട്ടിയെ കാണിച്ചു. അവരല്ലെന്ന് പെൺകുട്ടി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വിട്ടയച്ചു. പോലീസ് ഗൗരവമായി ആക്ട് ചെയ്യുന്നു എന്നതിന്റെ തെളിവാണ് ഇന്നലെത്തന്നെ ഈ കാര്യങ്ങൾ ചെയ്തത്. ഇക്കാര്യം പോലീസും ഗവൺമെന്റും വളരെ ഗൗരവത്തോടുകൂടി കാണുകയാണ്. പോലീസിന് ഗവൺമെന്റ് പ്രത്യേക നിർദ്ദേശം നൽകുന്നതാണ്. കുട്ടിക്ക് സൗജന്യമായി ബെസ്റ്റ് ചികിത്സ കൊടുക്കാമെന്ന് ആരോഗ്യ വകുപ്പുമന്ത്രി സമ്മതിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുകൊണ്ട് ചെയ്യേണ്ടത് എല്ലാം ചെയ്യാം. ബലാത്സംഗ ശ്രമം നടന്നിട്ടില്ലായെന്ന് പറഞ്ഞില്ല. മാനന്തവാടി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ഉടൻ നടത്തിയ പരിശോധനയിൽ ഇടുപ്പിന് താഴെ 40 ശതമാനം പൊള്ളലേറ്റതായും ലൈംഗികമായ പീഡനത്തിന് വിധേയയായിട്ടില്ലെന്നും അതിന്റെ ലക്ഷണമില്ലെന്നും ഡോക്ടർ പറഞ്ഞതായിട്ടാണ് പറയുന്നത്. ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഇത്രയും ദാരുണമായ സംഭവമായതുകൊണ്ട് ആ കുട്ടിക്ക് സൗജന്യ ചികിത്സ കൊടുക്കുന്നതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്യാം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly